Uncorrected / Not for publication

## ശ്രദ്ധക്ഷണിക്കൽ

### ഭക്ഷ്യ സുരക്ഷാനിയമം കർശനമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. ഉമ്മർ: സർ, 2006-ൽ പാർലമെന്റ് പാസ്സാക്കിയ ഫുഡ് ആന്റ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് ഫലപ്രദമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2006-ൽ പാസ്സാക്കിയ ആക്ട് നിലവിൽ വന്നെങ്കിലും അതിന്റെ ചട്ടങ്ങൾ പുറപ്പെടുവിച്ച് നടപ്പിലാക്കിതുടങ്ങിയത് 2011-ലാണ്. വൃത്തിയുള്ളതും സുരക്ഷിതത്വവുമായ അന്തരീക്ഷത്തിൽ തയ്യാറാക്കുന്ന ആരോഗ്യം പ്രധാനം ചെയ്യുന്ന ഭക്ഷമെന്നതാണ് നിയമത്തിന്റെ ഉദ്ദേശമെങ്കിൽ, നിയമത്തിന്റെ നടത്തിപ്പിനെ ആശ്രയിച്ചിരിക്കും അതിന്റെ ഫലസ്ഥിതി. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമെന്നതിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ആ അവസരത്തിൽ, പലവിധ ഭക്ഷ്യവസ്തുക്കളും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. പുതിയ നിമയത്തിന്റെ കീഴിൽ ഭക്ഷ്യവസ്തുക്കളുടെ ഉല്പ്പാദന കേന്ദ്രങ്ങൾ മുതൽ വിൽപ്പനകേന്ദ്രങ്ങളേയും ഭക്ഷണം പാകം ചെയ്ത് വിൽക്കുന്ന ഹോട്ടലുകളേയും ഭക്ഷണസാധനങ്ങളേയും പരിശോധനനടത്തേണ്ടതുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നതിനുശേഷം അത് നടപ്പിലാക്കുന്നതിന് ആദ്യമായി ഒരു ഭക്ഷ്യസുരക്ഷ കമ്മീഷനെ നിയമിച്ച സംസ്ഥാനം കേരളമാണ്. ഇപ്പോൾ ഭക്ഷ്യസുരക്ഷ വിഭാഗം നടത്തുന്ന പരിശോധനകളുടെ ഫലമായി ഭക്ഷണസാധനങ്ങളും ഹോട്ടലുകളും ഒരു പരിധിവരെ വൃത്തിയുള്ള സാഹചര്യങ്ങൾ ഉറപ്പുവരു

ത്തുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നത് പ്രശംസനീയമാണ്. എന്നാൽ ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതും അതിൽ ഉൽപ്പെടുന്ന കീടനാശിനികളുടെ അളവും സംബന്ധിച്ച് പരിശോധന നടത്തുന്നില്ലെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയമാണ്. 2011 ആഗസ്റ്റ് 5 മുതൽ പുതിയ നിയമം പ്രാബല്യത്തിൽ വന്നു. അതോടെ പി.എഫ്.എ. ആക്ട് ഉൾപ്പെടെ 8 നിമയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്. കാൻസർ, കിഡ്നി, ആമാശയം, കരൾ സംബന്ധമായ പല രോഗങ്ങളും വർദ്ധിച്ചുവരുന്ന ഈ കാലത്ത് പലതിന്റേയും അടിസ്ഥാനകാരണങ്ങളിൽ  ഒന്നായി പറയുന്നത് ഭക്ഷണപദാർത്ഥങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള കീടനാശിനികളുടേയും കെമിക്കലുകളുടേയും ക്രമാതീതമായ അളവാണ്.  അതിനാൽ ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദന കേന്ദ്രം മുതൽ പരിശോധന ആവശ്യമാണെന്ന് മനസ്സിലാക്കിയാണ് ഈ ഗവൺമെന്റ് ഇത്തരമൊരു നിയമം പാസ്സാക്കിയത്. സംസ്ഥാനത്ത് നേരത്തെ ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഫുഡ് ഇൻസ്പെക്ടർമാർ പുതിയ നിയമപ്രകാരം ഫുഡ് സേഫ്റ്റി ഓഫീസർമാരായും ഡെസിഗിനേറ്റ് ഓഫീസർമാരായും പുനർനാമകരണം ചെയ്യുകയും അവർ ജോലി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമങ്ങളും 2011-ലെ ചട്ടങ്ങളുമനുസരിച്ച് സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്കും അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥർക്കും മാത്രമേ ഹോട്ടൽ പരിശോധനക്കും മറ്റും അധികാരമുള്ളു. 999 പഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 5 കോർപ്പറേഷനു

കളും പരിശോധിക്കാൻ 62 ഫുഡ് സേഫ്റ്റി ഓഫീസർമാരും 12 ഡെസിഗി നേറ്റഡ് ഓഫീസർമാരും മാത്രമാണുള്ളത്. ഇതനുസരിച്ച് സംസ്ഥാനത്ത് പരിശോധിക്കാൻ ആകെ 83 ഉദ്യോഗസ്ഥന്മാരാണ് ഉള്ളത്. ഒരു കോർപ്പ റേഷന്റെ പരിധിയിൽത്തന്നെ അയ്യായിരത്തിലേറെ ഭക്ഷണവിപണ കേന്ദ്ര ങ്ങൾ ഉണ്ടെന്ന കാര്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്. എല്ലാ ജില്ല കളിലും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി അഡ്ജുഡിക്കേറ്റിംഗ് ഓഫീസർമാരെ വേണമെന്നിരിക്കെ സംസ്ഥാനത്ത് നാളിതുവരെ ആരെയും നിയമിച്ചിട്ടില്ല. എന്നാൽ ഹോട്ടലുകൾ, ഭക്ഷണശാലകൾ, ക്യാന്റീനുകൾ എന്നിവ പരിശോധിക്കുന്നതിൽ മാത്രമാണ് അവരുടെ ജോലി ഇപ്പോൾ ഒതുങ്ങി നിൽക്കുന്നത്. പഴയ പി.എഫ്.എ. ആക്ട് പ്രകാരം നടന്നുവന്നിരുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോ ധിക്കുന്നതിനുള്ള സമഗ്രവും കൃത്യമായ പ്രവർത്തനവും സാമ്പിളെടുത്ത് ലാബിൽ അയച്ച് പരിശോധിക്കുന്നത് ഏകദേശം നിലച്ച മട്ടാണ്. അതി നർത്ഥം എന്ത് മായം കലർന്ന ഭക്ഷ്യ വസ്തുക്കളും ഇവിടെ വിൽക്കാ വുന്നൊരു അവസ്ഥ നിലവിലുണ്ട്. ഭക്ഷണ സാധനങ്ങൾ തയ്യാറാക്കി വിൽക്കുന്ന ഹോട്ടലുടമകളെ മാത്രം പരിശോധിച്ചതുകൊണ്ട് പ്രയോജനമി ല്ല. അവർക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങ ളിൽനിന്നും ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം കൂടി പരി ശോധിക്കേണ്ടതുണ്ട്. അതുപോലെതന്നെ ഹോട്ടലുകൾക്ക് കുടിവെള്ളം എത്തിക്കുന്ന ഉറവിടങ്ങളും മാലിന്യമുക്തമാക്കണമെന്ന ഉറപ്പ് വരുത്തേ

ണ്ടതുണ്ട്. എൻ.എ.ബി.എൽ -ന്റെ പരിധിയിലുള്ള അക്രഡിറ്റേഷൻ കിട്ടിയ ഒരു ലാബും സംസ്ഥാനത്ത് ഇല്ലെന്നുള്ളതാണ് ഏറ്റവും ഖേദകരമായിട്ടുള ളത്. യഥാർത്ഥത്തിൽ ഈ സംസ്ഥാനത്ത് നിന്നെടുക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് ഇങ്ങനെ അക്രഡിറ്റേഷൻ കിട്ടിയ ലാബുകളുണ്ടെ ങ്കിൽ മാത്രമേ ഫലപ്രദമായി സാമ്പിളെടുക്കുവാനും അത് പരിശോധിക്കു വാനും കഴിയുകയുള്ളു. സംസ്ഥാനത്ത് ലാബിന്റെ അക്രഡിറ്റേഷൻ ലഭിക്കാത്ത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി അറിയാൻ കഴിഞ്ഞി ട്ടുണ്ടെങ്കിലും മറ്റ് രണ്ട് ലാബുകളിൽ കൂടി പുതിയ സൗകര്യങ്ങളേർപ്പെ ടുത്തി അക്രഡിറ്റേഷൻ ലഭിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാ ണ്. നേരത്തെ പി.എഫ്.എ. ആക്ട് പ്രകാരം ഭക്ഷ്യവസ്തുക്കളുടെ സാമ്പി ളെടുത്ത് പരിശോധനയ്ക്ക് അയക്കുകയും അതനുസരിച്ച് കേസുകൾ കൈകാര്യം ചെയ്യുന്ന ജോലി മാത്രമാണ് ആരോഗ്യവകുപ്പിന്റെ കീഴിലെ ഫുഡ് ഇൻസ്പെക്ടർമാർ ചെയ്തിരുന്നത്. പുതിയ നിമയത്തിന്റെ കീഴിൽ സേഫ് ഫുഡ് എന്ന അവസ്ഥയിലേയ്ക്ക്, മാറുമ്പോൾ മായം ചേർക്കലിനു പുറമേ സാനിട്ടറി കണ്ടീഷൻ, ഹൈജീനിക് മെത്തേഡ്, തൊഴിലാളികളുടെ മെഡിക്കൽ ഫിറ്റ്നസ്സ്, ഭക്ഷ്യവസ്തുക്കളുടെ സ്റ്റോറേജ്, ട്രാൻസ്പോർട്ടേ ഷൻ തുടങ്ങിയ പരിശോധനയും, അതിനുപുറമേ നേരത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന ലൈസൻസിന്റെ ചുമതലയും ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമാണ്. അതേസമയം തന്നെ ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരും ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ശീതസമരം രൂപം കൊണ്ടത്. ഭക്ഷ്യവസ്തു

ക്കൾ ഉൽപാദിപ്പിക്കുന്ന സ്ഥലങ്ങളിൽ തന്നെ ഭക്ഷണശാലകളും ശുചിത്വം സംബന്ധിച്ച കാര്യങ്ങളും ഇപ്പോഴും ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ചെയ്യാവുന്നതേയുള്ളു. ഈ വിഷയം വ്യക്തമാക്കിക്കൊണ്ട് ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകേണ്ടതാണ്. പല നിയമങ്ങളുടേയും നടത്തി പ്പിന് പല വകുപ്പുകളും ഏകോപിപ്പിക്കുന്നതിനുള്ള പ്രവർത്തനം അനിവാ ര്യമാണ്. ആ നിലയ്ക്ക് ഒരേ വകുപ്പിന്റെ കീഴിൽതന്നെ പ്രവർത്തിക്കുന്ന രണ്ട് വിഭാഗക്കാരേയും അവരുടെ ജോലിയിൽ കൃത്യമായ വേർതിരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. അഡ്ജുഡിക്കേറ്റിംഗ് ഓഫീ സർമാരെ നിയമിക്കുവാനും പുതിയ നിയമത്തിന്റെ കീഴിൽ കേസുകൾ കൈകാര്യം ചെയ്യാനുള്ള അധികാരങ്ങൾ നൽകിക്കൊണ്ടും കോടതിയുടെ പട്ടിക വിജ്ഞാപനം ചെയ്യാൻ നടപടിയുണ്ടായില്ല. മാത്രമല്ല, പുതിയ നിയമം അനുശാസിക്കുന്ന പ്രകാരം ഒരു ട്രൈബ്യൂണൽ രൂപീകരിക്കേണ്ട താണ്. ഭക്ഷ്യസുരക്ഷ നിയമപ്രകാരം ഹോട്ടലുകൾ, ഭക്ഷണശാലകൾ എന്നിവയ്ക്ക് ലൈസൻസ് രജിസ്ട്രേഷൻ നിർബന്ധമാണ്. എന്നാൽ ഏക ദേശം 20 ശതമാനം സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളൂ വെന്നാണ് അറിയാൻ കഴിഞ്ഞത്. ആയതിനാൽ ലൈസൻസ് നിർബന്ധമാ ക്കുന്നതോടൊപ്പംതന്നെ ലൈസൻസ് രജിസ്ട്രേഷൻ എന്നിവയുടെ ഓൺലൈൻ സംവിധാനവും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ട താണ്. അതിർത്തി കടന്നെത്തുന്ന ഓരോ ഉൽപ്പന്നത്തിലും ആരോഗ്യ ത്തിന് ഹാനികരമായ വിഷപദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ടോയെന്നുള്ളത്

പരിശോധിക്കാൻ ആവശ്യമായ മൊബൈൽ ലാബുകളും സ്ഥിരലാബുകളും ഓരോ ചെക്ക് പോസ്റ്റിനോടും ചേർന്ന് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഇന്ന് മുലപ്പാലിൽപ്പോലും വിഷാംശമുണ്ടെന്നാണ് പറയപ്പെടുന്നത്. കാരണം അവർ കഴിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഒരു പ്രതിഫലനം മുലപ്പാലിൽ ഉണ്ടാകുകയാണ്. അതുപോലെ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പരിശുദ്ധമെന്ന് വിശേഷിപ്പിച്ചിരുന്ന ഇളനീരിലും വിഷാംശമുണ്ടെന്നാണ് പറയപ്പെടുന്നത്. അതുകൊണ്ട് ഫുഡ് സേഫ്റ്റി ആക്ട് 2006 ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):</u> സർ, ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് ആക്ട് 2006 വളരെ ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ച് മുന്നോട്ടുപോവുകയാണ്. 1954-ലെ മായം ചേർക്കൽ നിരോധന നിയമത്തിനുപകരമായിട്ടാണ് സുരക്ഷിത ഭക്ഷണം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി 2006-ൽ ഇന്ത്യൻ പാർലമെന്റ് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം പാസാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 2008-ൽ ഫുഡ് സേഫ്റ്റി കമ്മീഷണറെ നിയമിക്കുകയും 2009 ജൂലൈയിൽ ഫുഡ് സേഫ്റ്റി കമ്മീഷണ

റേറ്റ് രൂപീകരിക്കുകയും ചെയ്തു. രാജ്യമൊട്ടാകെ ഈ നിയമം നിലവിൽ വന്നത് 2011 ഓഗസ്റ്റ് 5 നാണ്. ഘട്ടം ഘട്ടമായാണ് ഈ നിയമത്തിലെ വ്യ വസ്ഥകൾ നടപ്പിലാക്കാൻ ഫുഡ് സേഫ്റ്റി സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ ഉദ്ദേശിക്കുന്നത്. ഈ നിയമം കർശനമായി നടപ്പിലാക്കുന്നതിലൂടെ ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിനും കുറ്റക്കാർക്കെ തിരെ കർശന നടപടി സ്വീകരിക്കുന്നതിനും സാധിക്കും. കേരളം ഒരു ഉപ ഭോക്തൃ സംസ്ഥാനമാണെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. അന്യസംസ്ഥാന ങ്ങളിൽ നിന്നാണ് കൂടുതൽ ഭക്ഷ്യവസ്തുക്കളും ഇവിടേയ്ക്ക് വരുന്നത്. പഴങ്ങളിലും പച്ചക്കറികളിലും അമിതമായ തോതിൽ കീടനാശിനികൾ തളിച്ചാണ് പലപ്പോഴും കേരളത്തിൽ ഭക്ഷ്യവസ്തുക്കളെത്തുന്നത്. ഇതിനു പുറമെ രോഗം ബാധിച്ച കോഴിയിറച്ചി, മറ്റു മാംസങ്ങൾ, ഫോർമാലിൻ, അമോണിയം സൾഫേറ്റ് എന്നിവ അടങ്ങിയ മത്സ്യങ്ങൾ എന്നിവയും വിപണിയിൽ എത്താറുണ്ട്. ഇത്തരം വിഷയങ്ങളിൽ ഫുഡ് സേഫ്റ്റി കമ്മീഷണർ മറ്റു സംസ്ഥാനങ്ങളുമായി സഹകരിച്ച് ആ സംസ്ഥാനങ്ങ ളിലെ ഫുഡ്സേഫ്റ്റി കമ്മീഷണറുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി കൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങൾ പരിശോധിക്കുന്ന തിന് സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കീഴിൽ മൂന്ന് ലബോറട്ടറികൾ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും പ്രവർത്തിച്ചുവരുന്നു. അതോടൊപ്പം കൂടുതൽ ഫലപ്രദമായ പരിശോ ധനാ റിപ്പോർട്ടുകൾ ലഭിക്കുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മറ്റ്

റിസർച്ച് സ്ഥാപനങ്ങളായ കൗൺസിൽ ഓഫ് ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, മൃഗസംരക്ഷണ വകുപ്പിന്റെ ലാബുകൾ എന്നിവിടങ്ങളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം നടപ്പിലാക്കുന്നതിന് 18004251125 എന്ന ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തുകയും ഇതുവഴി കഴിഞ്ഞ ആറ് മാസമായി ലഭിച്ച 1107 പരാതികൾക്ക് അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തു. കഴിഞ്ഞ ആറ് മാസമായി സംസ്ഥാനത്ത് 3245 ഭക്ഷണ വിതരണ സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തുകയും 1980 സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും അതിൽ കോമ്പൗണ്ടിംഗ് നടത്തി 18,78,000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ ആരോഗ്യത്തെ ഏറ്റവും ബാധിക്കാൻ സാധ്യതയുള്ള മേഖല പാചകം ചെയ്ത ഭക്ഷണപദാർത്ഥങ്ങൾ വില്പന നടത്തുന്ന ഹോട്ടലുകളും റെസ്റ്റോറന്റുകളുമാണ്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഹോട്ടൽ/റെസ്റ്റോറന്റ് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ലൈസൻസ് കൂടുതൽ വ്യാപകമാക്കുന്നതിന് ഓൺലൈൻ വഴി ലൈസൻസ് നൽകാനുള്ള സമ്പ്രദായം ഉടൻതന്നെ നടപ്പാക്കുന്നതാണ്. താലൂക്ക് തലങ്ങളിൽ ലൈസൻസിംഗ് മേളകൾ സംഘടിപ്പിക്കുന്നുണ്ട്. വഴിയോര കച്ചവട

ക്കാർക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. മൂവായിരത്തിലധികം ബോധവൽക്കരണ ക്ലാസുകൾ ഈ പുതിയ നിയമം വന്നതിനുശേഷം സംഘടിപ്പിച്ചിട്ടുണ്ട്. ക്രിസ്തുമസ് നവവത്സര ആഘോഷവേളകളിൽ ഭക്ഷ്യ വിഷബാധ ഉണ്ടാകാതിരിക്കുന്നതിനുള്ള മുൻകരുതൽ എടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വ്യാപകമായി റെയ്ഡുകളും പരിശോധനകളും നടത്തിവരികയാണ്. സംസ്ഥാനത്ത് പൊതുജനാരോഗ്യം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം നടപ്പാക്കുന്ന കാര്യത്തിൽ ദീർഘകാല പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിനായി എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 57 അധിക തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. എം. ഉമ്മർ: സർ, സാമ്പിൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം വളരെ പരിമിതമാണ്. അതുകൊണ്ട് ഒരു ജില്ലയിൽ ഒരു എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലാബ് കൊണ്ടുവരികയും കേസുകളെടുക്കുന്നതിനുവേണ്ടി അഡ്ജുഡിക്കേറ്റിംഗ് ഓഫീസർമാരെ ഓരോ ജില്ലയിലും നിയമിക്കുകയും വേണം. ഇതിനുള്ള സ്പെഷ്യൽ കോടതികളും ആവശ്യമാണ്. അതുകൂടി നടപ്പിലാക്കിയാൽ മാത്രമേ ഫലപ്രദമായ പ്രോസിക്യൂഷനും മറ്റും നടക്കുകയുള്ളൂ. അഡ്ജുഡിക്കേറ്റിംഗ് ഓഫീസർമാരെ നിയമിക്കുന്നതിനും സ്പെഷ്യൽ കോർട്ടുകളും ലാബുകളും രൂപീകരിക്കാനുമുള്ള നടപടികൂടി സ്വീകരിക്കുമോ

ശ്രീ. വി.എസ്. ശിവകുമാർ: സർ, ലാബുകൾക്ക് എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണ്. അതിന്റെ ഗ്രേഡിലേയ്ക്ക് ലാബിനെ ഉയർത്തേണ്ടതുണ്ട്. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ടിൽ കോമ്പൗണ്ടിംഗ്, അഡ്ജുഡിക്കേഷൻ, ക്രിമിനൽ വിചാരണ എന്നിങ്ങനെ മൂന്ന് ശിക്ഷാ നടപടി ക്രമങ്ങളാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഓഫീസറെ അഡ്ജുഡിക്കേറ്റിംഗ് ഓഫസറായും ജില്ലാ ജഡ്ജിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ അപ്പലേറ്റ് ട്രൈബ്യൂണൽ ജഡ്ജിയായും നിയമിക്കാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ അഡ്ജുഡിക്കേഷൻ ഓഫീസറായി ഉടൻതന്നെ നിയമിക്കുന്നതാണ്.

**കൊച്ചി അഴിമുഖത്തെ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം**

ശ്രീ. എസ്. ശർമ്മ: സർ, കൊച്ചി അഴിമുഖത്തും പരിസരപ്രദേശങ്ങളിലുമുള്ള മത്സ്യബന്ധന മേഖലയിൽ മത്സ്യത്തൊഴിലാളികളുടെ തൊഴിലിനും ജീവിതത്തിനുംനേരെ നിരവധി പ്രതികൂല ഘടകങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി അവിടത്തെ റോഡും ടെർമിനലുമെല്ലാം നിർമ്മിക്കുന്ന സന്ദർഭത്തിൽ ഊന്നി വലകളും ചീനവലകളുമെല്ലാം മാറ്റി കൊടുക്കേണ്ടി വന്നു. പക്ഷേ പോർട്ട് ട്രസ്റ്റ് അധികാരികൾ അവർക്ക് ഇതുവരെ യാതൊരു കോമ്പൻസേഷനും നൽകാത്ത സാഹചര്യത്തിൽ ഈ പ്രശ്നങ്ങളിലേയ്ക്ക് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. ഇന്ത്യൻ മത്സ്യസമ്പത്തിന്റെ തലസ്ഥാനമായി അറിയപ്പെടുന്ന കൊച്ചിയെ വലയം ചെയ്തുകിടക്കുന്ന തീരക്കടൽ കേരളത്തിന്റെ ഏറ്റവും സമ്പന്നമായ മത്സ്യ ഉല്പാദന മേഖലയാണ്. സഹ്യപർവ്വതനിരകളിൽനിന്നും ഉത്ഭവിക്കുന്ന ആറേഴ് പ്രധാനനദികൾ ഒഴുക്കിക്കൊണ്ടുവരുന്ന അവസാദങ്ങളും വളക്കൂറും ആവാഹിച്ചെടുത്തുകൊണ്ടാണ് വേമ്പനാട്ട് കായൽ കൊച്ചി അഴിമുഖത്തുകൂടി അറബിക്കടലിലേയ്ക്ക് നിപതിക്കുന്നത്. അഴിമുഖത്തും കായലിലും കൃത്യമായി പ്രതിഫലിക്കുന്ന വേലിയേറ്റവും വേലിയിറക്കവും കടലും കായലുമായുള്ള നിരന്തര സമ്പർഗ്ഗങ്ങളും നീരൊഴുക്കുകളും മറ്റ് ഭൗതികരാസജൈവ ഘടനയും സഹജമായ ഫലപുഷ്ടി പ്രദാനം ചെയ്യുന്ന സ്ഥലമായി കൊച്ചി തീരക്കടലിനെ മാറ്റുന്നു. അനന്തമായി അവിടെ ഉപരിതലത്തിലും അടിത്തട്ടിലും ആഹാരം തേടുന്ന അനവധി തരം മത്സ്യ സമ്പ

ത്തിന്റെ കേദാരവും മേച്ചിൽപ്പാടവുമായി വർത്തിക്കുന്നു. ഏറ്റവും അനുയോജ്യമായ ജീവിത സാഹചര്യങ്ങൾ പ്രദാനം ചെയ്യുന്ന കൊച്ചി തീരക്കടലിലെ തീരപ്പാടങ്ങളിലേയ്ക്ക് ഉപരിതല മത്സ്യങ്ങളായ ചാള, അയില, നെത്തോലി, വേളൂരി എന്നിവയും മറ്റനേകം ഇനങ്ങളും നീന്തിയെത്തുന്നു. അടിത്തട്ടിൽ ചെമ്മീനും ഞണ്ടും മാന്തലിനങ്ങളും സമൃദ്ധമായി വിളയുകയും ചെയ്യുന്നു. കൊച്ചി തീരക്കടലിന്റെ മത്സ്യ ഉല്പാദന മികവാണ് ഇവിടെ വിശദീകരിച്ചത്. ഇതിനെ ആശ്രയിച്ച് പല രീതിയിൽ മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കിയ ഏകദേശം അമ്പതിനായിരത്തോളം പരമ്പരാഗത മത്സ്യത്തൊഴിലാളികളുണ്ട്. കേരളത്തിലാകെ ലഭിക്കുന്ന മത്സ്യ സമ്പത്തിന്റെ 30–35 ശതമാനത്തോളം മുനമ്പം മുതൽ ചെല്ലാനം വരെയുള്ള കൊച്ചി തീരക്കടൽ മേഖലയിൽനിന്നാണ് ലഭിക്കുന്നത്. കൂടാതെ അഴിമുഖവുമായി ബന്ധപ്പെട്ടുകിടക്കുന്ന കായലുകളിൽനിന്നും സീസൺ അനുസരിച്ച് വിവിധയിനം മത്സ്യങ്ങൾ സുലഭമായി ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ മത്സ്യബന്ധനം നടത്തുന്നവരെ കൂടാതെ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ വില്പന, സംസ്കരണം, വിനിമയം, വിതരണം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അനുബന്ധത്തൊഴിലാളികളും അവരുടെ ആശ്രിതരുമായി ഒന്നര ലക്ഷം പേർ വേറെയുമുണ്ട്. കൂടാതെ മീൻപിടിത്തത്തിനും മറ്റ് ഉപതൊഴിലുകൾക്കുമാവശ്യമായ നിരവധി ചെറുകിട ഇടത്തരം കച്ചവടവും ശൃംഖല പോലെ പ്രവർത്തിക്കുന്നുണ്ട്. ഇപ്രകാരം മത്സ്യ ഉല്പാദനവും അനുബന്ധ തൊഴിലുകളും തീരദേശ

ത്തിന്റെ ഉത്കർഷത്തിനും പുരോഗതിക്കും ഗണ്യമായ സംഭാവനയാണ് നൽകുന്നത്. ഉപജീവനം തേടുന്നതിലുപരിയായി പോഷകാഹാര ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ആഭ്യന്തര വിപണി പരിപോഷിപ്പിക്കുന്ന തിനും വിദേശനാണ്യ സമ്പാദനത്തിലടക്കം കൊച്ചി തീരപ്രദേശത്തെ മത്സ്യമേഖലയുടെ സംഭാവന കേരളത്തെ സംബന്ധിച്ച് മഹത്തരമാണ്. അതിനെന്തെങ്കിലും ഭംഗം വന്നാൽ ഉണ്ടായേക്കാവുന്ന ജീവിത പ്രതിസ ന്ധിയും സാമ്പത്തിക നഷ്ടവും താങ്ങാവുന്നതിലപ്പുറമാണ്. ഈ സാഹച ര്യത്തിൽ കൊച്ചി തീരപ്രദേശത്ത് 4 കിലോമീറ്റർ വ്യാസാർത്ഥത്തിൽ ഏക ദേശം മുനമ്പത്തിനും ചെല്ലാനത്തിനുമിടയിൽ മത്സ്യബന്ധനം രാജ്യ സുര ക്ഷയുടെ പേരിൽ തടയുവാനുള്ള നീക്കം ഡെമോക്ലസിന്റെ വാൾ പോലെ പാവപ്പെട്ടവരും അശരണരുമായ മത്സ്യത്തൊഴിലാളികളുടെ തലയ്ക്കുമുക ളിൽ തൂങ്ങി നിൽക്കുകയാണ്. കൊച്ചിക്ക് 19.5 കിലോമീറ്റർ പടിഞ്ഞാറ് എസ്.പി.എം പ്രദേശത്ത് ഒരു നോട്ടിക്കൽ മൈൽ വ്യാസാർത്ഥത്തിൽ ഇപ്പോൾത്തന്നെ മത്സ്യബന്ധന നിരോധനം നിലവിലുണ്ട്. മാത്രമല്ല കൊച്ചി അഴിമുഖം മുതൽ തേവര, മട്ടാഞ്ചേരി പാലങ്ങൾ വരെയുള്ള 7 കിലോമീറ്റർ പ്രദേശത്ത് അപ്രഖ്യാപിതമായി നിലവിൽ മത്സ്യബന്ധനം തട ഞ്ഞിട്ടുണ്ട്. അതിലുമുപരി പുതുവയ്പ് തീരത്ത് ഒരു വലിയ മറയൊരുക്കി തീരത്ത് പടുത്തുയർത്തിയിട്ടുള്ള ടാങ്ക് സംവിധാനങ്ങൾ ശത്രുക്കളാകാനി ടയുള്ള വിദേശ കപ്പലോട്ടക്കാരുടെ ദൃഷ്ടിയിൽനിന്നും ഒഴിവാക്കാൻ ഉദ്ദേ ശിക്കുന്നുണ്ട്. ഇതൊക്കെ തദ്ദേശീയരായ മീൻപിടിത്തക്കാരുടെ ഉപജീവന

ത്തെയും സഞ്ചാര സ്വാതന്ത്ര്യത്തെയും അവർ ജന്മാന്തരങ്ങളിലായി പുലർത്തിവരുന്ന സാമൂഹിക സാംസ്കാരിക കീഴ്വഴക്കങ്ങളെയുമൊക്കെ ഉന്മൂലനം ചെയ്തേക്കാവുന്ന നടപടികളാണ്. ആവാസ വ്യവസ്ഥക്കും ജീവനും തൊഴിലിനും ഭീഷണി ഉയരുന്നതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ഉത്കണ്ഠാകുലരും ആശങ്കാകുലരുമാണ്. കാട് ആദിവാസികളുടെ ആവാസകേന്ദ്രമെന്നപോലെ കടലോരം മത്സ്യത്തൊഴിലാളികളുടെ ആവാസ കേന്ദ്രമാണ്. വികസനത്തിന് മത്സ്യത്തൊഴിലാളികൾ എതിരല്ല. എന്നാൽ വികസനത്തിന്റെ മറവിൽ ആവാസ വ്യവസ്ഥയെ അട്ടിമറിക്കാൻ ആരെയും അനുവദിക്കുകയുമില്ല. കൊച്ചിയിലെ തീര പ്രദേശത്തുള്ള എണ്ണ ശുദ്ധീകരണശാല, എൽ. ആന്റ് റ്റി. ടെർമിനൽ, വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ എന്നിവയ്ക്ക് നേരെ കടൽമാർഗ്ഗം ഉണ്ടാകാവുന്ന ശത്രുക്കളുടെയും തീവ്രവാദികളുടെയും ആക്രമണം തടയുകയെന്നതിനാണ് നാവികസേന 4 കിലോമീറ്റർ വ്യാസാർത്ഥത്തിൽ മത്സ്യബന്ധനം തടയണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. രാജ്യത്തിന് അഭിമാനമായ ഈ സ്ഥാപനങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ്. അത്തരം സ്ഥാപനങ്ങളിലും തീരപ്രദേശത്ത് ഉൾക്കടലിലും കായലിലും അവർ കെട്ടിപ്പെടുത്തിയിട്ടുള്ള ടാങ്കുകളടക്കമുള്ളവയ്ക്കും ആവശ്യമായ സംരക്ഷണം ഉറപ്പുവരുത്തണം. ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും മനുഷ്യർ തന്നെയാണ്.

<u>മി. ചെയർമാൻ</u> : പ്ലീസ് കൺക്ലൂഡ്....

ശ്രീ. എസ്. ശർമ്മ : സ്ഥാപനങ്ങൾ മറഞ്ഞുനിൽക്കുന്ന തീരപ്രദേശത്ത് അതീവശ്രദ്ധ പുലർത്തേണ്ടത് അത്യാവശ്യമാണ്. നാവികസേനയുടെ ഈ ആവശ്യം അംഗീകരിച്ചാൽ മത്സ്യബന്ധനത്തിലൂടെ ഉപജീവനം നടത്തുന്ന ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളേയും അനുബന്ധ തൊഴിലാളികളേയും നരകതുല്യമാക്കാൻ പോവുകയാണ്. ഗവൺമെന്റ് അതിന് മുതിരുമെന്ന് ഞാൻ കണക്കാക്കുന്നില്ല.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്....

ശ്രീ. എസ്. ശർമ്മ : പരമ്പരാഗതവും അല്ലാത്തതുമായ തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ആവശ്യമായ ഐഡന്റിറ്റി കാർഡുകൾ നൽകി ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...6 മിനിട്ട് കഴിഞ്ഞു.

ശ്രീ. എസ്. ശർമ്മ: പല നിർമ്മാണ പ്രവർത്തനങ്ങളുടെയും ഭാഗമായി നിലവിലുള്ള കായലുകളുടെയും നദീമുഖങ്ങളുടെയും ജലാശയങ്ങളുടെയും വിസ്തൃതിയിൽ ഉണ്ടാകുന്ന കുറവ് മൂലം കൊച്ചി അഴിമുഖത്തും പരിസര പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള നീരൊഴുക്കിന്റെ വ്യത്യാസം മൂലം ഉൾനാടൻ മേഖലയിലെ ഊന്നിവല, ചീനവല തുടങ്ങിയവ ഉപയോഗിക്കുന്ന നിരവധി മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ആവശ്യത്തിന് മത്സ്യം ലഭിക്കാതെ പട്ടിണിയിലാണ്. ജീവനും തൊഴിലിനും സംരക്ഷണം നൽകേണ്ടത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കടമയാണ്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്...

ശ്രീ. എസ്. ശർമ്മ: നിയമം മുഖേന മത്സ്യബന്ധനം നിരോധിച്ച് തീരദേശ മേഖലയിൽ നിന്ന് പാവപ്പെട്ടവരെ ആട്ടിയോടിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കൊച്ചി തീരപ്രദേശത്തെ ബന്ധപ്പെട്ട എല്ലാ രാഷ്ട്രീയ പാർട്ടികുളുടെയും ജനപ്രതിനിധികളുടെയും തൊഴിലാളി സംഘടനകളുടെയും യോഗം ഇക്കാര്യത്തിൽ അടിയന്തരമായി മുഖ്യമന്ത്രി വിളിച്ചുചേർക്കണമെന്ന് ആവശ്യപ്പെടുന്നു. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി ഈ പ്രദേശത്തുണ്ടായിരുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയായിരുന്ന ഊന്നിവലകളും ചീനവലകളും ഊരിമാറ്റിയിട്ടും പോർട്ട് ട്രസ്റ്റ് ഇതുവരെ ഒരു നയാപൈസ പോലും നഷ്ടപരിഹാരമായി കൊടുത്തിട്ടില്ല.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്...7 മിനിട്ട് കഴിഞ്ഞു.

ശ്രീ. എസ്. ശർമ്മ: ഇക്കാര്യത്തിൽ മതിയായ നഷ്ടപരിഹാരം നൽകാൻ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി പോർട്ട് ട്രസ്റ്റുമായി ആലോചിച്ച് തീരുമാനിക്കാൻ മുമ്പോട്ട് വരണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. എസ്. ശർമ്മ പ്രധാനപ്പെട്ട കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അദ്ദേഹം നൽകിയ നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യം, കൊച്ചി അഴിമുഖത്തും പരിസരപ്രദേശങ്ങളിലും മത്സ്യബന്ധനത്തിനായി

സ്ഥാപിച്ചിരുന്ന ചീനവലകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ട പരിഹാരവും പുനരധിവാസവും നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങ ളാണ്. മറ്റ് ചില കാര്യങ്ങളെക്കുറിച്ചും ഇവിടെ മറുപടി പറഞ്ഞുകഴിഞ്ഞ താണ്. വല്ലാർപ്പാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ നിർമ്മാണവു മായി ബന്ധപ്പെട്ട് കൊച്ചി അഴിമുഖത്തും പരിസരപ്രദേശങ്ങളിലും തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരി ഹാരം നൽകുന്നതിനായി നഷ്ടപരിഹാര പുനരധിവാസ പാക്കേജ് സമർപ്പിക്കുകയും പ്രസ്തുത പാക്കേജിന് 2,05,89,735 രൂപ അംഗീകരിച്ചി ട്ടുള്ളതുമാണ്. ഈ നഷ്ടപരിഹാര പാക്കേജ് 2 ഘട്ടങ്ങളിലായി നടപ്പിലാ ക്കാനാണ് ധാരണ. ശ്രീ. ശർമ്മ തന്നെ മന്ത്രിയായിരുന്നപ്പോൾ വിളിച്ചുകൂ ട്ടിയ യോഗത്തിൽ വച്ച് എടുത്ത തീരുമാനമാണെന്നാണ് എനിക്ക് തോന്നു ന്നത്. ഏതായാലും തൊഴിൽ ഉപകരണങ്ങൾ സംരക്ഷിക്കുന്നതിനുള്ള സ്ഥലവും തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക്, ഓരോരുത്തർക്കും ഉണ്ടായ നഷ്ടത്തിന് ആനുപാതികമായി നഷ്ടപരി ഹാരവും അനുവദിക്കുന്നതിന് തീരുമാനമെടുത്തു. ഒന്നാം ഘട്ടത്തി ലേയ്ക്ക് ആവശ്യമായ നഷ്ടപരിഹാര തുക 96,19,110 രൂപയാണ്. ഇതിൽ റെയിൽവേ കണക്റ്റിവിറ്റി നഷ്ടപരിഹാര തുകയായ 27,42,500 രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്ന് ലഭിച്ചത് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളത്തിന്റെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. റോഡ് കണക്റ്റിവിറ്റി നഷ്ടപരിഹാര തുകയായ

68,76,610 രൂപ നാളിതുവരെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്ന് ലഭിച്ചിട്ടില്ല. ഈ തുക ലഭ്യമായെങ്കിൽ മാത്രമേ ഒന്നാം ഘട്ട നഷ്ടപരിഹാര തുക വിതരണം ചെയ്യാൻ കഴിയുകയുള്ളു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നതിന് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ മുഖേന നടപടികൾ സ്വീകരിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർഫസ് ട്രാൻസ്പോർട്ട് മിനിസ്ട്രിക്ക് കത്തെഴുതുകയും ചെയ്തിട്ടുണ്ട്. എന്നാൽ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. രണ്ടാംഘട്ടത്തിൽ ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ് മുഖേന ഉണ്ടാകുന്ന തൊഴിൽ, തൊഴിൽ ഉപകരണങ്ങളുടെ  നഷ്ടം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിലേയ്ക്ക് 1,09,20,625 രൂപയുടെ പാക്കേജ് അംഗികരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിലേക്കാവശ്യമായ തുക കൊച്ചിൻ പോർട്ട് ട്രസ്റ്റാണ് നൽകേണ്ടത്. ഇതാണ് അന്നത്തെ പാക്കേജ്. നാഷണൽ ഹൈവേയുടെയും കൊച്ചിൻ പോർട്ടിന്റെയും  പണം കിട്ടിയിട്ടില്ല. മറ്റൊരു കാര്യം ശ്രീ. എസ്. ശർമ്മ ചൂണ്ടിക്കാണിച്ചത് മത്സ്യബന്ധനത്തിന് അപ്രഖ്യാപിതമായ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ളതാണ്. രാജ്യരക്ഷയുടെ പേരിൽ 4 കിലോമീറ്റർ അപ്രഖ്യാപിതമായ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പറയുന്നത് ശരിയല്ല. എൽ. ആന്റ് റ്റി. ടെർമിനലിന് 2 നോട്ടിക്കൽ മൈൽ ചുറ്റളവിൽ മത്സ്യബന്ധനം നിരോധിക്കാൻ പോവുകയാണെന്ന് പ്രചരിപ്പിച്ച് ചില സംഘടനകൾ സമരത്തിന്  ഒരുങ്ങിയതിന്റെ അടിസ്ഥാനത്തിൽ എറ

ണാകുളം ജില്ലാ കളക്ടർ 6-12-2012-ൽ ഒരു യോഗം വിളിച്ചുചേർത്തു. ആ യോഗത്തിൽ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ഹൈബി ഈഡൻ തുടങ്ങിയ എം.എൽ.എ. മാരും നേവിയുടെയും സി.ഐ.എസ്.എഫ്.-ന്റെയും മറൈൻ എൻഫോഴ്സ്മെന്റ് പ്രതിനിധികളും ജനപ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഫിഷറീസ് ഉദ്യോഗസ്ഥന്മാരും പങ്കെടുത്തു. ശ്രീ. എസ്. ശർമ്മയ്ക്കും സമരസമിതിക്കാർക്കും നോട്ടീസ് നൽകിയിരുന്നു. പക്ഷേ, അവർ യോഗത്തിൽ പങ്കെടുത്തതായി അറിയിച്ചിട്ടില്ല. ഏതായാലും സുരക്ഷിത കാരണത്താൽ എൽ.ആന്റ് റ്റി.-ക്ക് ചുറ്റുമുള്ള പ്രദേശം നിയന്ത്രണ മേഖലയായി പരിഗണിച്ച് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് കേരളാ സർക്കാരിനോട് ആവശ്യപ്പെടുക മാത്രമാണ് ഉണ്ടായതെന്നും മത്സ്യബന്ധനം നിരോധിക്കാൻ ശുപാർശ ചെയ്തിട്ടില്ലെന്നും നേവിയുടെ പ്രതിനിധി ആ യോഗത്തിൽ അറിയിച്ചിട്ടുണ്ടെന്ന് മാത്രമല്ല, അവർ ഗവൺമെന്റിലേയ്ക്ക് അവരുടെ ആവശ്യം സംബന്ധിച്ച് എഴുതിയ കത്തിലും അങ്ങനെയൊരു ആവശ്യം ഉന്നയിച്ചിട്ടില്ല. കൊച്ചി പുതുവയ്പ്പിൻ എൽ. ആന്റ് റ്റി. ടെർമിനലിൽ നിന്നും വടക്കോട്ട് ഒന്നര നോട്ടിക്കൽ മൈൽ ദൂരത്തിലും പടിഞ്ഞാറോട്ട് 2 നോട്ടിക്കൽ മൈൽ ദൂരത്തിലും കടലിൽ രാജ്യസുരക്ഷയുടെ ഭാഗമായി നിയന്ത്രണവും നിരീക്ഷണവും ഏർപ്പെടുത്താവുന്നതാണെന്നും ആയത് ഏത് രീതിയിൽ വേണമെന്ന് കേരളസർക്കാരിനോട് തീരുമാനിക്കാവുന്നതാണെന്നും നേവി ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എങ്ങനെ

നിരോധനം ഏർപ്പെടുത്തണമെന്ന് തീരുമാനിക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. നിരോധനം ഏർപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് ഇതുവരെ തീരുമാനിച്ചിട്ടില്ല, ഉദ്ദേശിക്കുന്നുമില്ല. എന്നാൽ മത്സ്യത്തൊഴി ലാളികളെ തിരിച്ചറിയുന്നതിനുള്ള പ്രശ്നമുണ്ട്. ബോംബെ തീവ്രവാദ ആക്രമണത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ബയോ മെട്രിക് കാർഡ് വിതരണം ചെയ്യണമെന്ന് ഇൻഡ്യാ ഗവൺമെന്റ് നിർ ദ്ദേശിക്കുകയും അതിനുള്ള പണം നൽകുകയും ചെയ്തിട്ടുണ്ട്. ബയോമെ ട്രിക് കാർഡ് ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. സി. ഐ.എസ്.എഫ്. -നും നേവിക്കും നമ്മുടെ മത്സ്യത്തൊഴിലാളികളെ തിരി ച്ചറിയുന്നതിനുവേണ്ടി ബയോമെട്രിക് കാർഡ് ഉപയോഗപ്പെടുത്താവുന്ന താണ്. എൽ. ആന്റ് റ്റി.യുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളും വൈപ്പിൻകരയിലെ പ്രശ്നങ്ങളും ചർച്ച ചെയ്യാൻ ശ്രീ. എസ്. ശർമ്മയും ഞാനും കൂടി യോഗം ചേർന്ന സന്ദർഭത്തിൽ ധാരണയായതും എൽ. ആന്റ് റ്റി. ടെർമിനൽ പരിസരത്ത് മത്സ്യബന്ധനം നടത്തുന്ന തൊഴിലാളി കൾക്ക് കാർഡ് വിതരണം ചെയ്യണമെന്നാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിസരപ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള മത്സ്യബന്ധനനിയ ന്ത്രണം മൂലം മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കും ഉണ്ടായി ട്ടുള്ള പ്രയാസങ്ങളേയും കഷ്ടനഷ്ടങ്ങളേയും കുറിച്ച് വിശദമായ പഠന റിപ്പോർട്ടുകൾ ഫിഷറീസ് വകുപ്പ് നേരത്തേ തയ്യാറാക്കിയതിന്റെ അടി സ്ഥാനത്തിലാണ് ഈ പാക്കേജിന് രൂപം നൽകിയിട്ടുള്ളത്. നഷ്ടപരിഹാ രത്തുകയായി ഇപ്പോൾ വകുപ്പിന്റെ കയ്യിലുള്ള തുക വിതരണം ചെയ്യാ

ത്തത് കുറച്ച് ആളുകൾക്ക് മാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളു വെന്നുള്ളതുകൊണ്ടാണ്. എല്ലാവർക്കും വിതരണം ചെയ്യണമെങ്കിൽ നൽകാമെന്ന് സമ്മതിച്ച പണം കിട്ടണം. ശ്രീ. എസ്. ശർമ്മ വിളിച്ചുകൂട്ടിയ യോഗത്തിലാണ് ഇതുസംബന്ധിച്ച് ധാരണയായിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇന്ന് ഈ നോട്ടീസിന്റെ അടിസ്ഥാനത്തിൽ എറ ണാകുളത്തുള്ള എൻ.എച്ച്.എ ഡയറക്ടറുമായി ബന്ധപ്പെട്ടപ്പോൾ, അവർ അത്തരത്തിലുള്ള ഒരു കമ്മിറ്റ്മെന്റ് ആ യോഗത്തിൽ കൊടുത്തിട്ടില്ലെ ന്നാണ് പറഞ്ഞത്. ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യവു മായി ബന്ധപ്പെട്ട് 10 മാസം മുമ്പ് കേന്ദ്ര Surface Transport Minister-ക്ക് കത്തയച്ചിട്ടുണ്ട്. അനുകൂലമായ പ്രതികരണം ഉണ്ടായിട്ടില്ല. ഏതായാലും അവിടെ അപ്രഖ്യാപിത മത്സ്യബന്ധനനിരോധനം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് യാതൊരു കാരണവശാലും അനുവദിക്കില്ലെന്നുള്ളതാണ് എനിക്ക് വ്യക്തമാക്കാനുള്ളത്.

ശ്രീ. എസ്. ശർമ്മ : സർ, ഗവണമെന്റ് തീരുമാനമെടുത്തുവെന്ന് വിമർശനമായി ഉന്നയിച്ചിട്ടില്ല. ഇതിന് അടിസ്ഥാനമായ കാരണം ‘security of Puthuvypin on the radar – the Navy has reiterated its concern over the security of high value industrial establishments along Puthuvypin – Cherai Beach and demanded that fishing be outlawed within a radius of four kilometers (two nautical miles) from these

installations.' ഇത് ഗവൺമെന്റിന്റെ മുമ്പാകെ നേവി ആവശ്യപ്പെട്ടിരിക്കുന്ന 4 ചതുരശ്ര കിലോമീറ്റർ റേഡിയസ്സിനകത്ത്, റേഡിയസ് എന്നുവച്ചാൽ പൈ ആർ സ്ക്വയർ വച്ചാണ് വ്യാപ്തി കണക്കാക്കപ്പെടുന്നത്. ആ ഉൽക്കണ്ഠയാണ് തൊഴിലാളികൾക്കിടയിൽ വന്നിരിക്കുന്നത്. കളക്ടർ വിളിച്ചുചേർത്ത യോഗത്തെ സംബന്ധിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. എനിക്ക് മറ്റൊരു സമ്മേളനത്തിൽ പങ്കെടുക്കേണ്ടതുകൊണ്ട് യോഗത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

മി. ചെയർമാൻ : യെസ്........ ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ ചോദ്യത്തിലേയ്ക്ക് വരികയാണ്. ഈ പറഞ്ഞ 4 കിലോമീറ്റർ റേഡിയസിനകത്ത് ഈ രൂപത്തിൽ വന്നുകഴിഞ്ഞിട്ടുണ്ടെങ്കിൽ, ഇപ്പോൾ തന്നെ ഞാൻ ഉറപ്പിച്ചു പറയുന്നു അപ്രഖ്യാപിതമായ നിരോധനം കൊച്ചി അഴിമുഖം മുതൽ തേവര വരെ....... ഉദയംപേരൂരിൽ നിന്നു വരുന്നവർക്ക് അവിടെ മീൻ പിടിക്കാൻ കഴിയുന്നില്ല. അതുപോലെ പറവൂരിൽ നിന്ന് വരുന്നവർക്ക് കഴിയുന്നില്ല. ഏഴ് കിലോമീറ്റർ ദൂരത്തിനിടയിൽ സി.ഐ.എസ്.എഫ്-ഉം നേവിയും ഇപ്പോൾ പിടിക്കുന്നുണ്ട്. ഇപ്പോൾ ഫോർട്ട് കൊച്ചി പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചു ചോദിച്ചാൽ ഒരു കേസ് രജിസ്റ്റർ ചെയ്തതായി കാണാൻ കഴിയും. അതുകൊണ്ട് അവർ ധരിപ്പിക്കുന്നതുമുഴുവൻ ശരിയായിട്ടെടുക്കേണ്ടതില്ല. ഇക്കാര്യത്തെക്കുറിച്ച് വിശദമായി പരിശോധിക്കുന്നതിനും ഫിഷർമാന്

അവിടെ മത്സ്യബന്ധനം നടത്തി ജീവിതം കഴിച്ചുകൂട്ടുന്നതിനുമുള്ള അവസരം ഒരുക്കുന്നതിനും ബന്ധപ്പെട്ടവരുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ച് ചേർത്ത് തീരുമാനമുണ്ടാകണം എന്നാണ് എനിക്ക് പറയാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ശ്രീ. എസ്. ശർമ്മ ചൂണ്ടിക്കാണിച്ചത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഇങ്ങനെയൊരു ആശങ്ക ഉണ്ടായപ്പോൾ ഇന്ത്യൻ നേവിയുടെ കമാൻഡർ ശ്രീ. എം. ആർ. അജയകുമാർ ഒരു പ്രസ് റിലീസ് ഇറക്കിയിട്ടുണ്ട്. അതിനകത്ത് പറയുന്നത് 'it is being reported that the State Government has been trying to enforce a ban on fishing sea westward of Petronet LNG Terminal, BPCL shore Tank Farm and IOC LPG Tank Farm of Puthuvypin. This is only a misconception and it is clarified that the State Government does not have a plan to declare the area as a no fishing zone. The Navy has asked for surveillance of this area, which is two Nautical Mile into sea with a length of 1.5 NM, so that the facilities which are vital to the economy of the country are protected from sea borne attacks and ensure safety of Kochi Port and City. The State govt. will not deny fishermen their livelihood and right to catch

fish along their own coast. Also the State Government will put in place measures to ensure security of vital installations that affect the economy of the State.' എന്നാണ്. ഏതായാലും ബഹുമാനപ്പെട്ട എസ്. ശർമ്മ ഒരു യോഗത്തിന്റെ കാര്യം ചൂണ്ടിക്കാണിച്ചു. ശ്രീ. എസ്. ശർമ്മ യുടെ നേതൃത്വത്തിൽ അവിടെ ഒരു സമരം നടക്കുന്നുവെന്ന് മനസ്സിലാ ക്കിയപ്പോൾ ജില്ലാ കളക്ടറോട് ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആവശ്യപ്പെട്ടതനുസരിച്ചാണ് കളക്ടർ യോഗം വിളിച്ചുകൂട്ടിയത്. എന്തോ കാരണം കൊണ്ട് ശ്രീ. എസ്. ശർമ്മയ്ക്കും സമരസമിതിക്കാർക്കും പങ്കെ ടുക്കാൻ സാധിച്ചില്ല. ഏതായാലും ഈ കാര്യത്തിൽ കൂടുതൽ വ്യക്തത ഉണ്ടാകേണ്ടതുണ്ട് എന്നുള്ളതുകൊണ്ട് വീണ്ടും ഒരു യോഗം അടിയന്തര മായി വിളിച്ച് ചേർക്കുന്നതാണ്. ഈ ആശങ്കകൾ ദൂരീകരിക്കാൻ സാധി ക്കും. മത്സ്യത്തൊഴിലാളികൾക്ക് ഐഡന്റിറ്റികാർഡ് ഇല്ലാത്തതിന്റെ പേരിൽ സി.ഐ.എസ്.എഫ്.കാർ അവരെ പിടിക്കുന്നുണ്ടെന്നുള്ളത് ശരി യാണ്. പക്ഷെ അവർ തന്നെ നിർദ്ദേശിച്ചിട്ടുണ്ട് ഐഡന്റിറ്റി കാർഡ് വിത രണം ചെയ്താൽ മതി ആ തൊഴിലാളികളുടെമേൽ യാതൊരു നടപടിയു മെടുക്കില്ല എന്ന്. ഞാൻ നേരത്തെ പറഞ്ഞ കാര്യം ആവർത്തിക്കുകയാ ണ്. ഒരു കാരണവശാലും ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനം തടയുന്ന തിനുള്ള നടപടികളോട് ഗവൺമെന്റ് യോജിക്കില്ല.